**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 213** **29-01-2024 - ൽ മറുപടിയ്ക്ക്**

**പാവറട്ടി ആയുർവേദ ആശുപത്രി, ഹോമിയോ ഡിസ്പെൻസറി എന്നിവയ്ക്ക് കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ പാവറട്ടി ആയുർവേദ ആശുപത്രി, ഹോമിയോ ഡിസ്പെൻസറി എന്നിവ നിലവിൽ സാംസ്കാരിക നിലയത്തോട് ചേർന്ന് വളരെ പരിമിതമായ സൗകര്യങ്ങളോടെയാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മണലൂർ മണ്ഡലത്തിലെ പാവറട്ടി ആയുർവേദ ആശുപത്രി നിലവിൽ സാംസ്കാരിക നിലയത്തിനോട് ചേർന്ന് പരിമിതമായ സൗകര്യങ്ങളോടെയാണ് പ്രവർത്തിക്കുന്നത് എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്, എന്നാൽ ഹോമിയോ ഡിസ്പെൻസറി നിലവിൽ സാംസ്കാരിക നിലയത്തോട് ചേർന്നല്ല പ്രവർത്തിക്കുന്നത്. |
| (ബി) | പ്രസ്തുത ആരോഗ്യകേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് പാവറട്ടി പ്രാഥമികാരോഗ്യ കേന്ദ്രത്തിന് സ്വന്തമായുള്ള ഒന്നര ഏക്കർ ഭൂമിയിൽ നിന്നും ഇരുപത് സെന്റ് അനുവദിച്ച് കിട്ടുന്നതിന് പാവറട്ടി ഗ്രാമപഞ്ചായത്ത് അധികൃതരിൽ നിന്നും അപേക്ഷ ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കാമോ ? | (ബി) | പ്രസ്തുത ആരോഗ്യകേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച് പാവറട്ടി ഗ്രാമപഞ്ചായത്ത് അധികൃതരിൽ നിന്നും അപേക്ഷ ഹോമിയോപ്പതി ഡയറക്ടറുടെ കാര്യാലയത്തിലോ, ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലോ നിലവിൽ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ